പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1709 06.07.2015-ൽ മറുപടിയ്ക്ക്

## കായികതാരങ്ങൾക്ക് സർക്കാർ ജോലി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.രാധാകൃഷ്ണൻ** | | **ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) കേരളത്തിൽ നടന്ന നാഷണൽ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച കായിക താരങ്ങൾക്ക് സർക്കാർ ജോലി നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ), (ബി) & (സി) | ഉണ്ട്. 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനെ പ്രതിനിധീകരിച്ച് വ്യക്തിഗതയിനങ്ങളിൽ മെഡലുകൾ നേടിയവരിലും, ടീമിനത്തിൽ സ്വർണ്ണ മെഡൽ നേടിയവരിലും നിലവിൽ ജോലിയില്ലാത്തവർക്ക് സർക്കാർ ജോലി നൽകുന്നതിനും, കൂടാതെ, സംസ്ഥാനത്തിനു വേണ്ടി ടീമിനത്തിൽ വെള്ളി, വെങ്കലമെഡലുകൾ നേടിയവർക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിന് ശിപാർശ ചെയ്യുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിയമന നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | | |
| (സി) നാഷണൽ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച കായികതാരങ്ങൾക്ക് സർക്കാർ ജോലി ലഭ്യമാക്കുവാൻ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ